പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2252

18.07.2016-ൽ മറുപടിക്ക്

# ഭവനരഹിതർക്ക് വീടുനിർമ്മിക്കുന്നതിനായി പദ്ധതികൾ

**ചോദ്യം**

ശ്രീ. ഡി. കെ. മുരളി

**ഉത്തരം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഭവനരഹിതർക്ക് വീടുനിർമ്മിക്കുന്നതിനായി ഭവന നിർമ്മാണവകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(എ) ഭവന നിർമ്മാണവകുപ്പ് സംസ്ഥാനത്തെ ഭവനരഹിതർക്ക് വീടുനിർമ്മിക്കുന്നതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**1. ഗൃഹശ്രീ ഭവന പദ്ധതി**

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട വർക്ക് സന്നദ്ധസംഘടന/NGO/കാരുണ്യ വാന്മാരായ വ്യക്തികളുടെ സഹകരണ ത്തോടെ പരമാവധി 66 ച.മീ വിസ്തീർണ്ണ മുള്ള വീട് നിർമ്മിക്കുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവനപദ്ധതി. ടി പദ്ധതി പ്രകാരം സ്പോൺസറുടെ വിഹിതം 1 ലക്ഷം രൂപയും ഗുണഭോക്താവിന്റെ വിഹിതം കുറ ഞ്ഞത് 1 ലക്ഷം രൂപയും സർക്കാർ സബ്സിഡി തുക 2 ലക്ഷം രൂപയുമാണ്. ഇതിനായി ഗുണഭോക്താവിനെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/NGO/വ്യക്തിയാണ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ട ത്.

## 2 സാഫല്യം ഭവന പദ്ധതി

ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടു കൂടിയും പഞ്ചായത്തുകളുടെയും സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെയും സഹകരണത്തോടെയും ഫ്ളാറ്റുകൾ നിർമ്മിച്ചു നല്കുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സാഫല്യം പദ്ധതി പ്രകാരം നൽകുന്ന ഫ്ളാറ്റിന്റെ 3.50 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും 25,000 രൂപ സന്നദ്ധസംഘടന/സ്പോൺസർ വിഹിതവും 25,000 രൂപ ഗുണഭോക്തൃവിഹിതവുമാണ്.

## ഇന്നൊവേറ്റീവ് (അത്താണി) ഭവനപദ്ധതി

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നല്കുന്ന പദ്ധതിയാണ് ഇന്നൊവേറ്റീവ് ഭവനപദ്ധതി.

(ബി) ഭവനനിർമ്മാണ വായ്പകൾ നല്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം; ഈ വായ്പകൾക്കായി ഈടുനല്കേണ്ട സംഗതികൾ എന്തൊക്കെ; പരമാവധി ലഭ്യമാകുന്ന തുക; തിരിച്ചടവിനുള്ള പരമാവധി കാലാവധി; ഈടാക്കുന്ന പലിശ തുടങ്ങിയവയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭവന നിർമ്മാണ വകുപ്പ് മുഖേന ഭവന നിർമ്മാണ വായ്പാ പദ്ധതികളൊന്നും തന്നെ നിലവിൽ നടപ്പിലാക്കിവരുന്നില്ല.

(സി) പുതിയ വീട് നിർമ്മിക്കുന്നതിനു പുറമേ താമസയോഗ്യമായ വീട് വാങ്ങുന്നതിനും എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയത് ലഭ്യമാകുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ?

(സി) പുതിയ വീട് നിർമ്മിക്കുന്നതിനോ/താമസ യോഗ്യമായ വീട് വാങ്ങുന്നതിനോ ഉള്ള ഭവന നിർമ്മാണ വായ്പാ പദ്ധതികളൊന്നും ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കിവരുന്നില്ല.

സെക്ഷൻ ഓഫീസർ